**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 484** **23-02-2022 - ൽ മറുപടിയ്ക്ക്**

**റീബിൽഡ് കേരള പ്രോജക്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | റീബിൽഡ് കേരളയിലേക്ക് ലോക ബാങ്കിന്റെ സഹായമായി എത്ര രൂപ ലഭിച്ചിട്ടുണ്ട്; ഒന്നാം ഗഡുവായി എത്ര രൂപയും രണ്ടാം ഗഡുവായി എത്ര രൂപയുമാണ് ലഭിച്ചത്; മറ്റേതെങ്കിലും വിദേശ സഹായം ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ പദ്ധതികൾക്കായി ലോകബാങ്കിന്റെ വികസനനയ വായ്പയായി 250 ദശലക്ഷം ഡോളർ ലഭിച്ചിട്ടുണ്ട്. കൂടാതെ ജർമൻ ബാങ്കായ കെ.എഫ്.ഡബ്ല്യുവിൽ നിന്ന് 100 ദശലക്ഷം യൂറോയും ലഭ്യമായിട്ടുണ്ട്. കൂടാതെ ലോകബാങ്കിന്റെയും,ഏഷ്യൻ ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് ഇൻവെസ്റ്റ്മെന്റ് ബാങ്കിന്റെയും (AIIB) ഫ്രഞ്ച് വികസന ഏജൻസിയുടെയും (AFD)പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന ഫലപ്രാപ്തി അധിഷ്ഠിത വായ്പാ പദ്ധതി (PfR) യുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു |
| (ബി) | റീബിൽഡ് കേരള പ്രോജക്ടിന്റെ ഓഫീസ് പ്രവർത്തനവുമായി ബന്ധപ്പെട്ട് നാളിതുവരെ എത്ര രൂപ ചെലവാക്കിയിട്ടുണ്ട്; ഇനം തിരിച്ച് വ്യക്തമാക്കുമോ; | (ബി) | റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഓഫീസ് പ്രവർത്തനവുമായി ബന്ധപ്പെട്ട് ഓഫീസ് സജ്ജമാക്കൽ, ഓഫീസ് വാടക, വാഹന വാടക, ഹൗസ് കീപ്പിങ്, ടെലിഫോൺ,വൈദ്യുതി ചാർജ്, മറ്റിനങ്ങൾ എന്നിവയ്ക്കായി നാളിതുവരെ 1,43,96,716/- രൂപ (ഒരു കോടി നാൽപ്പത്തിമൂന്ന് ലക്ഷത്തി തൊണ്ണൂറ്ററായിരത്തി എഴുന്നൂറ്റിപതിനാറ് രൂപ മാത്രം). (നികുതികൾ പുറമെ) ചെലവഴിച്ചിട്ടുണ്ട്. |
| (സി) | റീബിൽഡ് കേരളയ്ക്ക് പദ്ധതി വിഹിതമായി 2018-19 മുതൽ ഓരോ സാമ്പത്തിക വർഷവും അനുവദിച്ച തുക എത്രയാണെന്നും ചെലവഴിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ? | (സി) | 2018-19സാമ്പത്തിക വർഷം മുതൽ റീബിൽഡ് കേരളയ്ക്ക് പദ്ധതി വിഹിതമായി ഓരോ വർഷവും അനുവദിച്ച തുക ചെലഴിച്ച തുക എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. സാമ്പത്തിക വർഷം അനുവദിച്ച തുക (രൂപ) ചെലവഴിച്ച തുക (രൂപ) 2018-19 110.01 4.31 2019-20 101000.01 858.04 2020-21 100100.01 612,40.59 2021-22 1831200.01 39067.46 |

സെക്ഷൻ ഓഫീസർ